**ഡോ.വി.പരമേശ്വരൻ**

**School development plan - Role of school heads as a futuristic planner and and creative curator**.

**തലക്കെട്ട് (Title)**

വിദ്യാലയ വികസന പദ്ധതി : ഭാവി പരിഗണിക്കാനുള്ള ആസൂത്രകനും സർഗ്ഗാത്മക നേതൃത്വം നൽകുന്നവനുമായ പ്രഥമാധ്യാപകന്റ റോൾ.

**പ്രധാന പദങ്ങൾ**

1. മോണിറ്ററിംഗ്
2. സൂക്ഷ്മതല പാഠാസൂത്രണം
3. പ്രശ്നവിശകലനം
4. ഗുണമേന്മയുള്ള വിദ്യാഭ്യാസം
5. പാഠ്യപദ്ധതി വിനിമയം
6. അവസ്ഥാപഠനം
7. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (എസ് ആർ ജി)

**ആമുഖം**

വിദ്യാലയം ഒരു സാമൂഹിക സാംസ്കാരിക സ്ഥാപനമാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന ഒരു രാഷ്ട്രനിർമ്മിതിക്ക് പുതിയ ജനതയെ സജ്ജമാക്കുക എന്ന സർഗാത്മക പ്രവർത്തനത്തിന് അടിത്തറയിടുന്ന സ്ഥലം. ഇത് ഫലപ്രദമായി നിർവഹിക്കണമെങ്കിൽ ഏതൊരു വിദ്യാലയത്തിനും ഭാവിയെകണ്ടുകൊണ്ടുള്ള ആസൂത്രണം അനിവാര്യമാണ്. ഇന്നലെ പഠിപ്പിച്ചതു പോലെയാണ് നിങ്ങൾ ഇന്നും കുട്ടികളെ പഠിപ്പിക്കുന്നതെങ്കിൽ നിങ്ങൾ

അവരുടെ ഭാവി കൊള്ളയടിക്കുകയാണ് ചെയ്യുന്നത് (ജോൺ ഡ്യൂവി). അതുകൊണ്ട് പുതിയ കാലത്തിനനുസൃതമായി പ്രഥമാധ്യാപകർ വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇവിടെയാണ് ഭാവിയെ കണ്ടുകൊണ്ട് സർഗ്ഗാത്മകമായി നേതൃത്വം നൽകുന്ന പ്രഥമാധ്യാപകന്റെ റോൾ. ഇത് സാർത്ഥകമാകണമെങ്കിൽ കൃത്യമായ ലക്ഷ്യബോധത്തോടെയുള്ള സ്കൂൾ വികസന പദ്ധതി തയ്യാറാക്കാൻ കഴിയണം.

**ഉദ്ദേശ്യങ്ങൾ**

1. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കാൻ കഴിയുംവിധം വിദ്യാലയത്തിന്റെ സമഗ്രമേഖലയിലും ജനകീയ പങ്കാളിത്തത്തോടെ ഫലപ്രദമായ ആസൂത്രണം നടത്തുന്നതിനുള്ള ആശയം, ശേഷി, ധാരണ എന്നിവ പ്രഥമാധ്യാപകൻ വികസിപ്പിക്കുന്നതിന്.
2. വിദ്യാലയ വികസനപദ്ധതി, രൂപീകരണപ്രക്രിയ, ഘടകങ്ങൾ എന്നിവ എന്നിവയിൽ പ്രഥമാധ്യാപകന് ധാരണ വികസിപ്പിക്കുന്നതിന് .
3. തയ്യാറാക്കിയ വിദ്യാലയ വികസനപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള തന്ത്രങ്ങളും രീതികളും സംബന്ധിച്ച് പ്രഥമാധ്യാപകരിൽ ധാരണ രൂപപ്പെടുന്നതിന്.
4. വിദ്യാലയ വികസനപദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ സഹായിക്കുന്നതിനുള്ള സമിതി രൂപീകരണം സംബന്ധിച്ച് പ്രഥമാധ്യാപകർക്ക് ധാരണ വികസിക്കുന്നതിന്.

5. വിദ്യാലയ വികസനപദ്ധതി മികച്ചനിലയിൽ രൂപീകരിച്ചു പ്രവർത്തിക്കുന്ന മാതൃക പരിചയപ്പെടുന്നതിന്.

**പ്രധാന ഉള്ളടക്കം**

**കേസ് അവതരണം**

ഒരു പ്രഥമാധ്യാപകൻ തന്റെ വിദ്യാലയത്തിലെ എസ് ആർ ജി മീറ്റിംഗിൽ തന്റെ മോണിറ്ററിംഗ് റിപ്പോർട്ട് അവതരിപ്പിക്കുന്നതാണ് സന്ദർഭം. നാലാംക്ലാസ്സിൽ 52 ശതമാനം കുട്ടികൾക്ക് ഫലപ്രദമായി രചനാ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിൽ മികച്ച നിലവാരമില്ല. 25 ശതമാനം കുട്ടികൾക്ക് തെറ്റാതെ എഴുതുവാനും വായിക്കുവാനും കഴിയുന്നില്ല. എന്താണ് ഇതിനുകാരണം. ഈനില തുടരാൻ കഴിയുമോ? ക്ലാസ് ടീച്ചർ ഈ പ്രസ്താവനയോട് പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. 'താൻ എല്ലാവരെയും പരിഗണിച്ചാണ് ക്ലാസ് എടുക്കാറുള്ളത്. പിന്നാക്കം നിൽക്കുന്ന കുട്ടികൾ നിരന്തരം ക്ലാസ്സിൽ വരാറില്ല. രക്ഷകർത്താക്കളെ വിളിച്ചാൽ വരില്ല. ഫോൺ വിളിച്ചാൽ എടുക്കുന്നില്ല. എന്ത് ചെയ്യാൻ കഴിയും' പലപ്പോഴും ഈ കുട്ടികൾ പുസ്തകങ്ങൾ കൊണ്ടുവരാറില്ല. ഞാൻ എത്ര ശ്രമിച്ചിട്ടും അവരെ മുന്നോട്ടു കൊണ്ടുവരാൻ കഴിയുന്നില്ല. ടീച്ചറുടെ ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം എന്ത് ? ഇത്തരം കുട്ടികളെ നാം കൈയൊഴിയുകയാണോ വേണ്ടത് ? രക്ഷിതാക്കൾ ശ്രദ്ധിച്ചിട്ടും കുട്ടികൾ പിന്നാക്കം പോയത് എന്തുകൊണ്ട്?

എന്തെല്ലാമായിരിക്കും കുട്ടികളുടെ പഠന പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ.

അംഗങ്ങൾ കുറിക്കട്ടെ

| |
|---|
| - <br> - <br> - |

**ആർപി . ക്രോഡീകരിക്കുന്നു**

**കുട്ടിയുമായി ബന്ധപ്പെട്ടത്**

- പഠനത്തിൽ താൽപര്യമില്ല
- മുൻ ക്ലാസ്സുകളിൽ ഭാഷാശൈലികൾ നേടിയിട്ടില്ല .
- എല്ലാദിവസവും വിദ്യാലയത്തിൽ എത്തുന്നില്ല
- നോട്ടുപുസ്തകത്തിൽ കൃത്യമായി എഴുതുന്നില്ല
- വായിക്കാൻ അറിയില്ല
- മാനസിക ഉല്ലാസത്തിന് അവസരം നൽകുന്നില്ല

**അധ്യാപകരുമായി ബന്ധപ്പെട്ടത്**

- എല്ലാ കുട്ടികളുടെയും പഠനപങ്കാളിത്തം ഉറപ്പാക്കുന്നില്ല
- ആകർഷകമായി പാഠങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നില്ല
- എല്ലാ കുട്ടികളെയും പരിഗണിച്ചും അറിവ് നിർമ്മാണ ഘട്ടങ്ങൾ ഉൾക്കൊണ്ടും സൂക്ഷ്മതല ആസൂത്രണം നടത്തുന്നില്ല.

**5 E – Engage, Explore, Explain, Expand, Evaluate**

- ആവശ്യമായ പഠനോപകരണങ്ങൾ (ഐ).സി.ടി ഉൾപ്പെടെ) ഉപയോഗിക്കുന്നില്ല.
- നിരന്തര വിലയിരുത്തൽ ഫലപ്രദമായി നിർവഹിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നില്ല.
- പഠനപ്രവർത്തനങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനമില്ല.
- കുട്ടിയുടെ സാമൂഹിക - കുടുംബപശ്ചാത്തലം അറിയുന്നില്ല.
- എസ്.ആർ.ജി ഫലപ്രദമായി നടക്കുന്നില്ല.
- പഠനതന്ത്രങ്ങളിൽ വൈവിധ്യമില്ല.
- കുട്ടികളുടെ പ്രകൃതം പരിഗണിക്കുന്നില്ല.
- മികച്ച മാതൃകകൾ പരിചയപ്പെടാൻ അവസരമില്ല.

**രക്ഷിതാവുമായി ബന്ധപ്പെട്ടത്**

- കുട്ടികളുടെ പഠനനില, പഠനാവശ്യം എന്നിവ അറിയുന്നില്ല.
- അധ്യാപകരുമായി നിരന്തരം കുട്ടിയുടെ പഠനനില ചർച്ച ചെയ്യുന്നില്ല.
- വീട്ടിൽ പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.
- കുട്ടിയുടെ ഹാജർ ഉറപ്പാക്കുന്നില്ല.
- പി.ടി.എ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നില്ല.

**സംവിധാനവുമായി ബന്ധപ്പെട്ടത്**

- നിർദ്ദേശിച്ച പഠനസമയം ഉറപ്പാക്കുന്നില്ല.
- അധ്യാപകരെ മറ്റ് പ്രവർത്തനങ്ങളിലേക്ക് നിയോഗിക്കുന്നു.
- അക്കാദമിക അന്തരീക്ഷം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കാൻ കഴിയുന്നില്ല.

- രക്ഷാകർത്തൃ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നല്ല.
- ഓരോ അധ്യാപകനും ആവശ്യമായ പിന്തുണ നൽകാൻ കഴിയുന്നില്ല.
- പ്രഥമാധ്യാപകർ / ഓഫീസർമാർ എന്നിവരുടെ മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല.

ഇതെല്ലാമാണ് കുട്ടികളുടെ പഠന പിന്നാക്കാവസ്ഥയ്ക്ക് കാരണമെങ്കിൽ അവയ്ക്കുള്ള പരിഹാരം എങ്ങനെ കണ്ടെത്താം ?
അതിനുള്ള പ്രായോഗികവും ശാസ്ത്രീയവുമായ രീതി എന്താണ് ?

**ചർച്ച**

പ്രശ്ന വിശകലനത്തിലൂടെ മാത്രമേ അത് സാധ്യമാകൂ. അതിനായി ചുവടെ ചേർത്ത ഫോർമാറ്റ് പ്രയോജനപ്പെടുത്താം.

| **പ്രശ്ന വിശകലനം** | | | |
|---|---|---|---|
| **പ്രശ്നം** | **ആവശ്യം** | **കാരണങ്ങൾ** | **പരിഹാര നിർദ്ദേശങ്ങൾ** |
| എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പഠനം ഉറപ്പാക്കാൻ കഴിയുന്നില്ല | ഗുരുതരം | • അറിവ് നിർമാണ ഘട്ടങ്ങൾ പാലിക്കുന്ന ആസൂത്രണമില്ല<br>• പഠനതന്ത്രങ്ങളിൽ വൈവിധ്യമില്ല<br>• നിരന്തര വിലയിരുത്തൽ | 1 ശില്പശാല – ആസൂത്രണം, പഠനതന്ത്രങ്ങൾ, നിരന്തര വിലയിരുത്തൽ.<br>2 ഐ സി ടി പരിശീലനം |

| | | | |
|---|---|---|---|
| | | ഫലപ്രദമല്ല<br>• ഐ.സി.ടി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | |

ഇവിടെ നിർദേശിച്ച പരിഹാരങ്ങൾ എങ്ങനെ നടപ്പിലാക്കാൻ കഴിയും ? രണ്ട് പ്രവർത്തനങ്ങളാണ് ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്.

ശില്പശാലകളും, ഐ സി ടി പരിശീലനവും ഇത് എങ്ങനെ, ആര്, എപ്പോൾ, നടപ്പിൽ വരുത്തുമെന്ന് ആസൂത്രണം ചെയ്യേണ്ടതുണ്ട്. അപ്പോൾ മാത്രമേ അവ നടപ്പാവുകയുള്ളൂ. അതിനായി ഓരോ പരിഹാര നിർദ്ദേശവും താഴെ കൊടുത്ത ഫോർമാറ്റിലേക്ക് മാറ്റണം. ഇങ്ങനെ ഓരോ പ്രശ്നകാരണങ്ങൾക്കും പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തി പദ്ധതി രൂപീകരിച്ച് അവയെല്ലാം ചേർത്താൽ വാർഷിക പദ്ധതിയാവും. വാർഷിക പദ്ധതിയുടെ ഘടന പരിചയപ്പെടാം.

**വാർഷിക പദ്ധതി - പ്രവർത്തനങ്ങൾ വിശകലനം**

| ക്രമനമ്പർ | പരിഹാര പ്രവർത്തനം | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1 | ശില്പശാല | മെയ് 23 | എസ്.സി.ഇ.ആർ.ടി കൺവീനർ | 5000 | പി.ടി.എ |
| 2 | ഐ സി ടി | മെയ് | എസ്.ഐ.ഇ.ടി | 2000 | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | പരിശീലനം | 23 | | | |

ഇങ്ങനെ തയ്യാറാക്കിയ പ്രവർത്തന വിശകലന ഫോർമാറ്റുകളുടെ സംഘാതമാണ് വിദ്യാലയ വികസന പദ്ധതിയുടെ കാമ്പ്.

ഇങ്ങനെ തയ്യാറാക്കിയ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുക ? അതിനായി നാം ചെയ്യേണ്ടത് എന്താണ് ? തുടർന്ന് സ്കൂൾ വാർഷിക കലണ്ടർ തയ്യാറാക്കണം

അതെങ്ങനെ ? അതിന്റെ പ്രക്രിയയെന്ത് ?

വാർഷിക പദ്ധതി ഫോർമാറ്റിലെ ഓരോ പ്രവർത്തനത്തിന്റെയും കാലം പരിഗണിച്ച് നിശ്ചിത ഫോർമാറ്റിൽ ഓരോ മാസത്തേയ്ക്കും വിന്യസിച്ചാൽ വാർഷിക കലണ്ടറായി

| വാർഷിക കലണ്ടർ | | മെയ് 2023 |
|---|---|---|
| **തീയതി** | **പ്രവർത്തനം** | **ചുമതല** |
| 1 | | |
| 2 | | |
| 3 | ശില്പശാല - ആസൂത്രണം | എസ് ആർ ജി കൺവീനർ |
| 4 | | |
| 5 | ഐ.സി.ടി പരിശീലനം | എസ്.ഐ.ഇ.ടി |
| . | | |
| . | | |
| 30 | | |

ഇങ്ങനെ പ്രവർത്തനങ്ങൾ പന്ത്രണ്ട് മാസങ്ങളിലായി 12 ഷീറ്റിൽ എഴുതി തയ്യാറാക്കുന്നതാണ് വാർഷിക കലണ്ടർ.

ഇങ്ങനെ വാർഷിക കലണ്ടർ തയ്യാറാക്കിയാൽ പ്രവർത്തനങ്ങൾ നടക്കുമോ ? അടുത്തഘട്ടമെന്താണ് ?

ഓരോ മാസത്തെയും പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ആസൂത്രണം ചെയ്യണം അതെങ്ങനെ ?
മുൻ മാസത്തെ രണ്ടാമത്തെ ആഴ്ച്ചയിൽ അടുത്ത മാസത്തെ പ്രവർത്തന സൂക്ഷ്മ ആസൂത്രണം ചെയ്യണം. ഇതിനായി എസ്.ആർ.ജി.യിൽ നിശ്ചിത മാസത്തെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു നേതൃത്വം നൽകുവാൻ സൂക്ഷ്മതലത്തിൽ പ്രവർത്തനം അവതരിപ്പക്കണം.

സൂക്ഷ്മതല അവതരണത്തിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിക്കേണ്ടത് ?
പ്രവർത്തനത്തിന്റെ പേര്, ഉപപ്രവർത്തനങ്ങൾ, ചുമതലകൾ, വിഭവസമാഹരണം എങ്ങനെ? പ്രചരണം, ഡോക്യൂമെന്റേഷൻ തുടങ്ങിയ കാര്യങ്ങളാണ് അവതരിപ്പിക്കേണ്ടത്.
ഇത് വിശദമായി ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു നടപ്പാക്കണം. അടുത്ത രണ്ടു എസ്.ആർ.ജി.കളിൽ പ്രവർത്തന പുരോഗതി വിലയിരുത്തി മുന്നേറുകയും വേണം.
ഇതിനെ തുടർന്ന് ക്ലാസ് ടീച്ചർക്ക് ക്ലാസ്സ് കലണ്ടർ തയ്യാറാക്കാം.
അടുത്ത മാസത്തെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് നിശ്ചയിക്കുന്നതനുസരിച്ച് ഓരോ ക്ലാസിലും നടപ്പാക്കേണ്ട കാര്യങ്ങളാണ് ക്ലാസ് കലണ്ടറിൽ വരേണ്ടത്.

**ക്ലാസ് കലണ്ടറിലെ ചില പൊതുഇനങ്ങൾ**
ക്ലാസ് പി.ടി.എ), എസ്.ആർ.ജി, പഠനയാത്ര, അഭിമുഖങ്ങൾ, ദിനാചരണങ്ങൾ, ക്ലബ് പ്രവർത്തനം,

മത്സരപരിപാടികൾ, കുടുംബസംഗമം, വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനം.

**ക്ലാസ് കലണ്ടർ ഫോർമാറ്റ്**

സ്കൂൾ :
ക്ലാസ്സ്:
മാസം :
വിഷയം : ഡിവിഷൻ :

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| | | |
| | | |
| | | |

ഇവിടെ ഒരു പ്രശ്നം എടുത്ത് അതിന്റെ കാരണങ്ങൾ കണ്ടെത്തി അതിൽ ചില കാരണങ്ങൾക്കുള്ള പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതുപോലെ നിരവധി പ്രശ്നങ്ങളും അവയ്ക്കുള്ള കാരണങ്ങളും കണ്ടെത്തി പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്

വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നതിന്റെ പ്രക്രിയ എന്താണ് ? ചർച്ച പ്രക്രിയ എങ്ങനെ ക്രോഡീകരിക്കാം

1 **കാഴ്ചപ്പാട് രൂപീകരണം**: (പാഠ്യപദ്ധതി വിനിമയം, വിദ്യാലയ അന്തരീക്ഷം, അധ്യാപകൻ, ഭൗതിക സൗകര്യം, സാമൂഹ്യ ഇടപെടൽ, സഹായ സംവിധാനങ്ങൾ) ഓരോ മേഖലയിലും സൂക്ഷ്മമായി കാഴ്ചപ്പാട് രൂപപ്പെടുത്തൽ.

2 **അവസ്ഥാപഠനം**: മുകളിൽ തയ്യാറാക്കിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും തന്റെ വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് കണ്ടെത്തൽ.

3 **വെല്ലുവിളികൾ/പ്രശ്നങ്ങൾ** : അപ്പോൾ നിരവധി പ്രശ്നങ്ങളും വെല്ലുവിളികളും കണ്ടെത്താൻ കഴിയും അവ പട്ടികപ്പെടുത്തുൽ.

4 **കാരണങ്ങൾ കണ്ടെത്തൽ** : ഇങ്ങനെ കണ്ടെത്തിയ പ്രശ്നങ്ങൾ/ വെല്ലുവിളികൾ വിശകലനം ചെയ്ത് കാരണങ്ങൾ എന്തെല്ലാം എന്ന് നിർണയിക്കൽ.

5 **പരിഹാരനിർദേശങ്ങൾ :** ഓരോ കാരണവും പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ രൂപപ്പെടുത്തണം. തുടർന്ന് അവയെ പരിഹാര പ്രവർത്തനങ്ങളാക്കി മാറ്റൽ.

6 വാർഷിക പദ്ധതി നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കണം. തുടർന്ന് വാർഷിക കലണ്ടർ വികസിപ്പിക്കൽ.

7 ഇങ്ങനെ തയ്യാറാക്കിയ കലണ്ടർ എസ്. ആർ. ജി.യിൽ മുൻ മാസങ്ങളിൽ തന്നെ ചർച്ച ചെയ്ത് സമയബന്ധിതമായി നടപ്പാക്കാൽ. പ്രതിമാസ എസ്. ആർ.ജി വിലയിരുത്തൽ.

8 പദ്ധതി മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പ്രവർത്തിക്കൽ.

ഇങ്ങനെ തയ്യാറാക്കുന്ന വിദ്യാലയ വികസനപദ്ധതിയുടെ ഘടന എങ്ങനെയാ യിരിക്കണം ?ചർച്ച

**ക്രോഡീകരണം**

1 ആമുഖം (കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ)
2 അവസ്ഥാ പഠനത്തിലെ കണ്ടെത്തലുകൾ
3 പ്രശ്നങ്ങൾ / വെല്ലുവിളികൾ മുൻഗണന തിരിച്ച് (എൽ.പി , യു. പി എച്ച്.എസ്, എച്ച്.എസ്.എസ്)
4 പ്രശ്നങ്ങളും കാരണങ്ങളും പരിഹാര നിർദേശങ്ങളും.
5 പ്രവർത്തന പട്ടിക (വാർഷിക പദ്ധതി)
6 സ്കൂൾ കലണ്ടർ
7 ഉപസംഹാരം

ഈ പദ്ധതി ഫലപ്രദമായി നടക്കുന്നു എന്ന് എങ്ങനെ ഉറപ്പാക്കാൻ കഴിയും ? അതിനുള്ള തന്ത്രമെന്ത്? - ചർച്ച

മോണിറ്ററിംഗ് സമയബന്ധിതമായി നടക്കണമെങ്കിൽ മോണിറ്ററിങ് സമിതിയുടെ ഘടന എന്താവണം? ചുമതലകളെന്തെല്ലാം ?

**അംഗങ്ങൾ**

1 സി. പി. ടി. എ / എസ്.എം.സി/ എം.പി.ടി.എ/ പ്രസിഡന്റുമാർ

2 വാർഡ് മെമ്പർ / കൗൺസിലർമാർ
3 അക്കാദമിക വിദഗ്ധർ
4 പ്രിൻസിപ്പൽമാർ, ഹെഡ് മാസ്റ്റർ
5 അധ്യാപക പ്രതിനിധി (ഓരോ വിഭാഗത്തിൽ നിന്നും)
6 പൂർവവിദ്യാർഥി പ്രതിനിധി
7 സ്കൂൾലീഡർ

**ചുമതലകൾ**

1 വിദ്യാലയ വികസനപദ്ധതി രൂപീകരണത്തിൽ സഹായിക്കുക.
2 പദ്ധതി അധ്യാപകർ, പി. ടി. എ, എസ്. എം.സി, എം. പി. ടി.എ എന്നിവരുമായി പദ്ധതി വിശദമായ ചർച്ച ചെയ്യൽ
3 സമയബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ സഹായം നൽകൽ.
4 പദ്ധതി നടത്തിപ്പിനെ സൂക്ഷ്മമായി നിരീക്ഷിച്ച് മികവുകളും പരിമിതികളും കണ്ടെത്തൽ.

**വിദ്യാലയ വികസന പദ്ധതി - ഉദാഹരണങ്ങൾ**

1 ജി.എച്ച്.എസ്.എസ് മാവൂരിന്റെ വികസനപദ്ധതി റഫർ ചെയ്യുന്നതി നായി നൽകുന്നു. പ്രധാന പ്രവർത്തനങ്ങളും രൂപീകരണ പ്രക്രിയയും തിരിച്ചറിയുന്നു.

**ക്രോഡീകരണം**

ഏതൊരു വിദ്യാലയത്തിന്റെയും വികസനത്തിന് വിദ്യാലയ വികസന പദ്ധതി അനിവാര്യമാണ്. പാഠ്യപദ്ധതി വിനിമയം, വിദ്യാലയാന്തരീക്ഷം, അധ്യാപകർ, ഭൗതികസൗകര്യം, സാമൂഹിക

ഇടപെടൽ ,സഹായക സംവിധാനങ്ങൾ എന്നീ ഘടകങ്ങളുടെ സൂക്ഷ്മവിശകലനം നടത്തണം. വിശകലനം ചെയ്യുമ്പോൾ ലഭിക്കുന്ന പ്രശ്നങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി രൂപീകരിച്ച് നടപ്പാക്കണം. ഇതിനായി ലളിതമായ ഫോർമാറ്റുകൾ, കലണ്ടറുകൾ എന്നിവ തയ്യാറാക്കാം. അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ചുമതലാവിഭജനം നടത്തുകയും വിഭവസമാഹരണം ഉറപ്പാക്കുകയും വേണം.

വിദ്യാലയ വികസന രേഖ തയ്യാറാക്കുന്നതിന് നിയതമായ ഘട്ടങ്ങളുണ്ട്. ഫലപ്രദമായി വിദ്യാലയ വികസന പദ്ധതി നടപ്പാക്കുന്നതിന് ജനകീയ പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. ഇങ്ങനെ ഫലപ്രദമായ ഒരു വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നതിന് നേതൃത്വം നൽകുന്നതിൽ പ്രഥമാധ്യാപകന്റെ റോൾ നിർണായകമാണ്. അതുകൊണ്ടുതന്നെ ഈ ആശയത്തെക്കുറിച്ച് കൃത്യമായ ധാരണയും രൂപീകരണപ്രക്രിയ, അവ നടപ്പാക്കുന്ന രീതി, മോണിറ്ററിംഗ് തന്ത്രങ്ങൾ എന്നിവയെക്കുറിച്ച് സൂക്ഷ്മതലത്തിലുള്ള ധാരണയും മനോഭാവവും ശേഷിയും പ്രഥമാധ്യാപകന് ഉണ്ടായിരിക്കണം.

**റഫറൻസ്**


1. വിദ്യാലയ വികസന പദ്ധതി രൂപരേഖ (എസ്.സി.ഇ. ആർ.ടി കേരളം).
2. വിദ്യാലയ വികസന പദ്ധതി GHSS, മാവൂർ